കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -ഗുരുവായൂർ നഗരസഭ-മഴക്കാല പൂർവ്വ ശുചീകരണം-സി.എൽ.ആർ തൊഴിലാളികളെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.2736 /2016 /തസ്വഭവ. തിരുവനന്തപുരം , തീയതി : 25/09/2016

---

പരാമർശം: 1) ഗുരുവായൂർ നഗരസഭാ കൗൺസിലിന്റെ 23.03.2016 ലെ 36-ാം നം.തീരുമാനം.

2) ഗുരുവായൂർ നഗരസഭാ സെക്രട്ടറിയുടെ 30.3.2016 ലെ എച്ച്1-5901 നം.കത്ത്.

3) നഗരകാര്യ ഡയറക്ടറുടെ 04.5.12016 ലെ ഇ 2-23211/15 നം.കത്ത്.

## ഉത്തരവ്

ഗുരുവായൂർ നഗരസഭയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 50 (അൻപത്) സി.എൽ.ആർ തൊഴിലാളികളെ 01.04.2016 മുതൽ 31.07.2016 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി പരാമർശം(1) ലെ കൗൺസിൽ തീരുമാനത്തിന്റെയും പരാമർശം(2) ലെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ പരാമർശം(3) ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുരുവായൂർ നഗരസഭാ കൗൺസിൽ തീരുമാനവും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും അംഗീകരിച്ച് ഗുരുവായൂർ നഗരസഭാ പരിധിയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി 50 (അൻപത്) സി.എൽ.ആർ തൊഴിലാളികളെ 01.04.2016 മുതൽ 31.07.2016 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

3. മേല്പറഞ്ഞതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

അബ്ദുൽകലാം.എം
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

സെക്രട്ടറി,ഗുരുവായൂർ നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ